പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1841 12.06.2019-ലെ മറുപടിക്ക്

## കരുനാഗപ്പള്ളി ഡിപ്പോയിലെ സൂപ്പർ ഫാസ്റ്റ് ബസുകൾ

ചോദ്യം — ശ്രീ.ആർ. രാമചന്ദ്രൻ

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ നിന്ന് എത്ര സൂപ്പർ ഫാസ്റ്റ് ബസുകളാണ് ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി പിൻവലിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി കരുനാഗപ്പള്ളി യൂണിറ്റിൽ നിന്നും 2 സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി പിൻവലിച്ചിട്ടുണ്ട്. |
| (ബി) | ഇതുമൂലം പ്രസ്തുത ഡിപ്പോയിലെ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രതിദിനം ശരാശരി 46,000/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |
| (സി) | കരുനാഗപ്പള്ളിയിൽ നിന്ന് തൃശ്ശൂരിലേക്ക് രാവിലെ പുറപ്പെടുന്ന സൂപ്പർ ഫാസ്റ്റ് സർവ്വീസ് നിർത്തിയതോടെ യാത്രക്കാർക്കുണ്ടായ ബുദ്ധിമുട്ടും ഡിപ്പോയിലുണ്ടായിട്ടുള്ള വരുമാനക്കുറവും പരിഗണിച്ച് പ്രസ്തുത സർവ്വീസ് പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായാണ് കരുനാഗപ്പള്ളി ഡിപ്പോയിൽ നിന്നും നടത്തിവന്നിരുന്ന കരുനാഗപ്പള്ളി - തൃശ്ശൂർ - തിരുവനന്തപുരം -കരുനാഗപ്പള്ളി സൂപ്പർഫാസ്റ്റ് സർവ്വീസ് തിരുവനന്തപുരം യൂണിറ്റിൽ നിന്നും തിരുവനന്തപുരം-തൃശ്ശൂർ (കൊല്ലം, കരുനാഗപ്പള്ളി, എറണാകുളം വഴി) സർവ്വീസ് നടത്തുന്നതിനായി ക്രമീകരിച്ചിട്ടുള്ളത്. തിരുവനന്തപുരത്ത് നിന്നും കരുനാഗപ്പള്ളി വഴി അതേ സമയത്ത് തന്നെ തൃശ്ശൂരിലേയ്ക്ക് സർവ്വീസ് |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. യാത്രക്കാർക്ക് കൃത്യമായ ഇടവേളകളിൽ സമയക്രമം പാലിച്ച് സർവ്വീസ് ലഭ്യമാക്കുന്നതിനും, സർവ്വീസുകൾ അയക്കുന്നതിന് മതിയായ ബസുകൾ ലഭ്യമാക്കുന്നതിനുമാണ് ഇപ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഇതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ യാതൊരുവിധ കുറവും ഉണ്ടായിട്ടില്ല. എന്നാൽ ടി നടപടി മൂലം യാത്രക്കാർക്കോ ടി സർവ്വീസിനോ യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിലാണ് ടി ക്രമീകരണങ്ങൾ നടപ്പിൽ വരുത്തിയിട്ടുള്ളത്. കൂടാതെ കാര്യക്ഷമമായുള്ള സർവ്വീസ് നടത്തിപ്പിനായി ടി ക്രമീകരണങ്ങൾ അത്യന്താപേക്ഷിതമാകയാൽ ആയത് പിൻവലിക്കാൻ നിർവ്വാഹമില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**